**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2899 | 18.06.2018- ൽ മറുപടിയ്ക്ക്

## മലപ്പുറം ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് മലപ്പുറം ജില്ലയിൽ പുതുതായി എത്രപേർക്കാണ് പട്ടയം വിതരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | എ) | സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് മലപ്പുറം ജില്ലയിൽ 2018 മെയ് 28-ാം തീയതി തിങ്കളാഴ്ച നടത്തുവാൻ തീരുമാനിച്ചിരുന്ന ജില്ലാതല പട്ടയമേള, മലപ്പുറം ജില്ലയിൽ നിപ്പ രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ മാറ്റി വച്ചതിനാൽ, പുതുതായി പട്ടയങ്ങൾ നൽകുവാൻ സാധിച്ചിട്ടില്ല. |
| (ബി) എത്രപേർക്ക് ഉടനെ പട്ടയ വിതരണത്തിനുള്ള നടപടി പൂർത്തിയായി എന്നറിയിക്കുമോ; | ബി) | മലപ്പുറം ജില്ലയിൽ 1317 പേർക്ക് പട്ടയം വിതരണം നടത്തുവാൻ തയ്യാറായിട്ടുണ്ട്. |
| (സി) നിസ്സാര തടസ്സങ്ങളുടെ പേരിൽ പട്ടയം നൽകുന്നതിന് കാലതാമസം നേരിടുന്നത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | നിയമപരമായി തടസ്സങ്ങൾ ഇല്ലാത്ത എല്ലാ കേസുകളിലും ഉടൻതന്നെ പട്ടയ വിതരണം പൂർത്തിയാക്കുവാൻ ജില്ലാ കളക്ടർ എല്ലാ തഹസിൽദാർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**